File No: HEDN -L2/166/2020-HEDN

'ഭരണഭാഷ -മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - സർക്കാർ പോളിടെക്നിക്ക് കോളേജുകളിൽ പുതിയ കോഴ്സുകൾ / ബാച്ചുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(സാധാ)നം.66/2021 /ഉ.വി.വ** **തീയതി, തിരുവനന്തപുരം,12.01.2021**

പരാമർശം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 16.07.2020,07.10.2020,02.11.2020 എന്നീ തീയ്യതികളിലെ എൽ1/14874/2020/ഡി.റ്റി.ഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ പോളിടെക്നിക്ക് കോളേജ് , പുറപ്പുഴ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് , തൃശ്ശൂർ , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജ്, ഷോർണ്ണൂർ എന്നീ പോളിടെക്നിക്കുകളിൽ എ .ഐ .സി.ടി. ഇ . അംഗീകാരം ലഭിച്ച പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്തുകൾ പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഗസ്റ്റ് ഫാക്കൽറ്റിയുടെ സേവനം വിനിയോഗിച്ച് സർക്കാർ പോളിടെക്നിക്ക് കോളേജ് , പുറപ്പുഴ , സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് , തൃശ്ശൂർ , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജ്, ഷോർണ്ണൂർ എന്നീ പോളിടെക്നിക്കുകളിൽ ചുവടെ ചേർക്കുന്ന അധിക കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl.No: | Name of Institution | Programme | Approved Intake |
|---|---|---|---|
| 01 | Govt. Polytechnic College , Purappuzha | Mechanical Engineering | 60 |
| 02 | Govt. Women's Polytechnic College , Thrissur | Civil Engineering | 60 |
| 03 | IPT & GPTC Shoranur | Printing Technology | 120(Currently admission in 60 seats only) |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ ജി.**

**ജോയിൻറ് സെക്രട്ടറി**

സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, സർക്കാർ പോളിടെക്നിക്ക് കോളേജ് , പുറപ്പുഴ

പ്രിൻസിപ്പൽ ,സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് , തൃശ്ശൂർ

പ്രിൻസിപ്പൽ,ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & സർക്കാർ പോളിടെക്നിക്ക് കോളേജ്, ഷോർണ്ണൂർ

പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം

www.highereducation.kerala.gov.in

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ